(പഴയ കാല കഥകൾ)

# വളയൊച്ചകൾ

**സുധീർ പണിക്കവീട്ടിൽ**

കാലത്തിൻെറ കലണ്ടറുകൾ ശീഘ്രം മാറിക്കൊണ്ടിരുന്നു. ശ്രീകല്യാണക്രുഷ്ണയ്യരും ഭാര്യ സ്വർണ്ണാംബാളും നൂയോർക്കിൽ താമസമാക്കിയിട്ട് ഇപ്പോൾ ആറ്‌മാസവും ഏഴു ദിവസവും ആയിരിക്കുന്നു. അവസാനത്തെ ഏഴുദിവസ്സങ്ങളിലായി സ്വാമി എന്നു ജനങ്ങൾ ബഹുമാനപൂർവ്വം വിളിക്കുന്ന അദ്ദേഹത്തിൻെറ ജീവിതത്തിൽ ഒരത്ഭുതം സംഭവിച്ച്കൊണ്ടിരുന്നു.

രാവിൻെറ ഏകാന്തതയിൽ രാസക്രീഡക്കൊരുങ്ങിയെത്തുന്ന ഒരു വശ്യസുന്ദരി. ലജ്ജകൊണ്ട് അരുണാഭമാകുന്ന അവളുടെ സുന്ദരമായ മുഖം. കൊലുസ്സിട്ട പാദങ്ങൾ മെല്ലെ ചവുട്ടി സ്നേഹനിർഭരമായ മന്ദഹാസത്തിൻെറ പൈമ്പാൽ ചുരത്തുന്ന ചുണ്ടുകളുമായി രാത്രിതോറും അവൾ വരുന്നു. ഒരു വളകിലുക്കത്തോടെ വാതിലടക്കുന്നു. പ്രേമ പൂജക്ക് രാഗലോലയായി എത്തുന്ന രാധയാണോ അവൾ, താൻ രാധാക്രുഷ്ണനാണോ എന്നൊക്കെ സ്വാമി സംശയിച്ചു.

ആയിരം അഭിലാഷങ്ങൾ തെളിയിക്കുന്ന കാർത്തിക വിളക്കുകളുമായി അവൾ വരുമ്പോൾ എന്നും കൂടെ ഉറങ്ങുന്ന സ്വർണ്ണാംബാൾ എവിടെ? സ്വാമിയെ ആശയക്കുഴപ്പത്തിലാക്കിയ സംഗതി അതായിരുന്നു.

പതിവായി സ്വാമിക്ക് നേരമ്പോക്കും അമ്പരപ്പും സമ്മാനിച്ച ഏഴു രാത്രികൾ കടന്നുപോയി. എട്ടാം ദിവസം രാവിലെ സ്വാമി പ്രഭാതഭക്ഷണത്തിനിരുന്നു. സ്വർണ്ണാംബാൾ പതിവുപോലെ ചൂടുള്ള ദോശ ചുടുന്നതനുസരിച്ച് സ്വാമിയുടെ പ്ലെയ്റ്റിൽ ഇട്ടുകൊണ്ടിരുന്നു. ഒപ്പം അവരുടെ കൈത്തണ്ടയിൽ നിറഞ്ഞ് കിടന്നിരുന്ന സ്വർണ്ണവളകൾ കിലുങ്ങി. സ്വാമിയുടെ മനസ്സിലും കിലുക്കമുണ്ടായി.

ദോശ തിന്നുന്നതിനിടയിൽ സ്വാമി ആലോചിച്ചു, ഒരു കഥാരൂപത്തിൽ പറഞ്ഞാൽ സ്വർണ്ണാംബാളിനു കേൾക്കാൻ താൽപ്പര്യം കാണുകയില്ലെങ്കിലും പ്രശ്നങ്ങളുടെ ഗൗരവം കണക്കിലെടുക്കുമ്പോൾ അതേതരമുള്ളു. ഏത് കാര്യവും കലാരൂപത്തിൽ പ്രക ടിപ്പിക്കാൻ അവതരിപ്പിക്കാൻ സ്വാമിക്ക് അനിതരസാധാരണമായ കഴിവുണ്ടായിരുന്നു. സ്വാമി മനസ്സിൽ രൂപപ്പെടുത്തിയ പ്രമേയം ഇങ്ങനെ അവതരിപ്പിച്ചു.

“ഇത്രയും വളകൾ ഇടേണ്ട. വളയൂരിയ കൈത്തണ്ടയുടെ നഗ്നത കാണാൻ വെറുതെ ഒരു മോഹം, അത് പറയുമ്പോൾ സ്വാമിക്ക് ഒരു പരിഭ്രമവും ആ പരിഭ്രമത്തിൽ പരന്ന ഒരു ശതമാനം ചിരിയുമുണ്ടായിരുന്നു.

സ്വാമിയുടെ ശൃംഗാരത്തിൽ സ്വർണ്ണാംബാളിനു വലിയ ഭാവഭേദമൊന്നുമുണ്ടായില്ല. കാരണം സ്വാമിക്ക് ഇതേമാതിരി കിറുക്ക് പതിവാണെന്നവർക്കറിയാം. കാരണം സ്വാമി ഒരു കവിയും കഥാകാരനുമാണു. അതൊക്കെ സ്വാമിക്ക് ലേശം വട്ടുള്ളത്കൊണ്ടാണെന്നാണു അവരുടെ വിശ്വാസം. എന്നാലും സ്നേഹമയിയായ അവർ സ്വാമിയുടെ താളത്തിനു തുള്ളാൻ എപ്പോഴും തയ്യാറുമാണു്. സ്വർണ്ണാംബാളിനു സംശയം ഒന്നും തോന്നുന്നില്ലെന്ന് മനസ്സിലായപ്പോൾ സ്വാമി അവരെ വളയൂരാൻ നിർബന്ധിച്ചു. സ്വാമിക്ക് നിർബന്ധമാണെന്നറിഞ്ഞപ്പോൾ അവർ എതിരു പറഞ്ഞില്ല. അവർ വള മുഴുവൻ ഊരി വച്ച് ഉത്സാഹവതിയായി ചോദിച്ചു. “എപ്പടി”

ഉള്ളിൽ കള്ളത്തരം ഒളിപ്പിച്ച് വച്ച് സംസാരിച്ച സ്വാമിക്ക് ഭാര്യയുടെ നിഷ്കളങ്കത കണ്ട് കുറ്റബോധം തോന്നി. സ്വതവേ രഹസ്യങ്ങൾ എളുപ്പത്തിൽ ചോരുന്ന ദുർബലമായ മനസ്സുള്ള സ്വാമി വികാരധീനനായി. സത്യം തുറന്ന് പറയണമെന്ന് മനസ്സാക്ഷി അദ്ദേഹത്തെ നിർബന്ധിച്ചു.

“സ്വർണ്ണാംബാൾ.. അങ്ങനെ വിളിച്ചിട്ട് സ്വാമി നിശ്ശബ്ദനായി. അന്നേവരെ സ്വാമിയുടെ മുഖത്ത് നിഴലിക്കാത്ത ഒരു തരം പരിഭ്രമം കണ്ട് സ്വർണ്ണാംബാൾ ഭയപ്പെട്ടു.

“എന്നാച്ച്, ശീഘ്രം ചൊല്ലുങ്കോ”..

ഒരു കൊച്ചുകുട്ടിയെപോലെ ഒറ്റയടിക്ക് സ്വാമി പറഞ്ഞു,

ഞാൻ പതിവായി കത്രീനാമ്മയെ സ്പ്നം കാണുന്നു. കഴിഞ്ഞ ഏഴു

രാത്രികളിലായി.

സ്വർണ്ണാംമ്പാൾ അത്കേട്ട് പൊട്ടിച്ചിരിച്ചു. അവർക്ക് ചിരിയടക്കാൻ കഴിയാതെ വീണ്ടും വീണ്ടും ചിരിച്ചു,

സ്വാമിക്ക് വൈക്ലബ്യം കൂടി. ശങ്കിച്ച് ശങ്കിച്ച് സ്വാമി പറഞ്ഞു, വെറും സ്പ്നമല്ല സ്വർണ്ണാംമ്പാൾ. സ്വർണ്ണാംമ്പാളിന്റെ ചിരി മാഞ്ഞ്പോയി.

അവർ ആകാംക്ഷഭരിതയായി. സ്വാമിയുടെ അയൽപക്കത്ത് താമസിക്കുന്ന ഒരു കുടുംബിനിയാണു കത്രീനാമ്മ. കത്രീനാമ്മയാണ് അയൽപക്കത്ത് താമസിക്കുന്നതെന്നാണ് സ്വാമി പറയാറുള്ളത്. കാരണം കത്രീനാമ്മയുടെ ഭർത്താവ് പണത്തിന്റെ കൂമ്പാരത്തിൽ കയറിയിരുന്നിട്ട് താഴേക്ക് വരാറില്ലത്രെ.

താമസം മാറിയതിന്റെ പിറ്റെ ദിവസം കല്യാണ ക്രുഷ്ണയ്യർ വീടിനു പുറത്തേക്ക് വന്നപ്പോൾ വേലിക്കരികിൽ നിന്ന് കത്രീനാമ്മ കിളക്കുകയായിരുന്നു. പച്ചക്കറികൾ നട്ടു വളർത്തുകയും വളമിടുകയുമൊക്കെ ചെയ്യുകയാണ്. സൗന്ദര്യമുള്ളതൊക്കെ കാണുമ്പോൾ മിഴിച്ച് നിൽക്കുന്ന കല്യാണക്രുഷ്ണയ്യരുടെ നയനങ്ങൾ കത്രീനാമ്മയെ നോക്കി ഉടക്കി നിന്നു. അയാൾ വേലിക്കരികിലേക്ക് ചെന്ന് പറഞ്ഞു.

“ഞാൻ കല്യാണക്രുഷ്ണയ്യർ, എന്നെ സ്വാമി എന്നു വിളിക്കാം. ഭാര്യ സ്വർണ്ണാംമ്പാൾ. വീടിനുള്ളിലേക്ക് ചൂണ്ടിയിട്ട്, അകത്തുണ്ട്. ഞങ്ങൾ ഇന്നലെ ഇങ്ങോട്ട് താമസം മാറ്റി.

“പേരെന്താണു” സ്വാമി ചോദിച്ചു.

“കത്രീനാമ്മ”

ഒരു മൗനത്തിന്റെ മറ അവിടെ വീണുപോയി. അപ്പോൾ രണ്ടുപേരും പരസ്പരം നോക്കി നിന്നു, കൗതകത്തോടെ. സ്വാമിയുടെ ചന്ദനക്കുറിയും, പുതച്ചിരുന്ന മേൽമുണ്ടിന്റെ മറവിലൂടെ കാണുന്ന പൂണൂലും രോമാവ്രുതമായ മാറിൽ മിന്നിയിരുന്ന പൊന്നുമാലയും കത്രീനാമ്മ ശ്രദ്ധിച്ചു.

കല്യാണക്രുഷ്ണയ്യർ വീടിനു പുറത്ത് ഒരു ചാറ്റർ ബോക്സാണു. സ്വർണ്ണാംമ്പാളിനാണെങ്കിൽ അധികം സംസാരിക്കുന്നത് ഇഷ്ടമല്ല. അത്കൊണ്ട്

പലപ്പോഴും അദ്ദേഹം മറ്റുള്ളവരെ ബോറടിപ്പിച്ച്പോന്നു. ഭവിഷ്യത്തുകളെക്കുറിച്ചാലോചിക്കാതെ യാതൊരു നിയന്ത്രണവുമില്ലാത്ത നിലക്കാത്ത സംസാരം. എവിടെ എന്തു പറയണമെന്നറിയാത്ത ഒരു ശുദ്ധാത്മാവ്.

പ്രഭാത രശ്മികളേറ്റ് നിൽക്കുന്ന ഒരു വിടർന്ന പുഷ്പം പോലെ കത്രീനാമ്മയെ സ്വാമി നോക്കി കണ്ടു. പച്ചക്കറിത്തോട്ടത്തിൽ അദ്ധ്വാനത്തിന്റെ വിയർപ്പൊഴുക്കുന്ന ഗ്രാമ സുന്ദരി..

സ്വാമി പെട്ടെന്ന് കയറി കത്രീനാമ്മയെ പ്രശംസിച്ചു.

നിങ്ങൾ സിനിമാതാരം ഷീലയെപ്പോലിരിക്കുന്നു.

മുപ്പതുകളുടെ ഒടുവിൽ മൂന്ന് പെറ്റിട്ട് മുതുക്കിയായി എന്ന് സ്വയം ധരിച്ചിരുന്ന കത്രീനാമ്മ അത് കേട്ട് ഒന്നു ഞെട്ടി. സൗന്ദര്യത്തിന്റെ നിഴലാട്ടം വിട്ടു മാറാത്ത അവരുടെ ശരീരം ഒന്നു വെട്ടിത്തിളങ്ങി. കോളേജിൽ പഠിച്ചിരുപ്പാൾ പൂവ്വാലന്മാർ പുറകെ നടന്ന് പറയുന്നത് കേട്ടതിനുശേഷം ഇതാ ഇപ്പോൾ വീണ്ടും കേട്ട സുഖമുള്ള വാചകത്തിൽ അവർ തരിച്ച് നിന്നു. സ്വാമിയുടെ വാചകങ്ങൾ ഓരോ പൂമാല പോലെ ഒന്നൊന്നായി കത്രിനാമ്മ കൈനീട്ടി വാങ്ങി. പൊൻ വെയിൽ തട്ടി തിളങ്ങുന്ന കത്രീനാമ്മയുടെ മുഖത്ത് മുഖക്കുരുക്കൾ സമ്രുദ്ധമായി വളരുന്നത് സ്വാമി ശ്രദ്ധിച്ചു. സ്വാമി അലക്ഷ്യമായി പറഞ്ഞു. “കൊച്ചുതക്കാളിപ്പഴങ്ങൾ കവിളത്തും മുളക്കുന്നല്ലോ? അത്കേട്ട് കത്രീനാമ്മ പൊട്ടിച്ചിരിച്ചു. ആ ചിരികേട്ട് അവരുടെ അടുക്കളവാതിലിന്റെ പാതി തുറന്ന് ഒരു രൂപം പ്രത്യക്ഷപ്പെട്ടു. കൂളിംഗ് ഗ്ലാസ്സും അരക്കയ്യൻ ബനിയനും ഷോട്ട്സും ധരിച്ച നീണ്ട് മെലിഞ്ഞ രൂപം. വാതിൽ തുറന്ന ശബ്ദം കേട്ട് കത്രീനാമ്മ തിരിഞ്ഞ് നോക്കി. ഒരു ആംഗ്യത്തോടെ സ്വാമിയെ ചൂണ്ടിക്കാട്ടി അവർ പറഞ്ഞു. “നമ്മുടെ നെയ്ബർ സ്വാമി. പേര്..?

“കല്യാണ ക്രുഷ്ണയ്യർ” സ്വാമി പൂരിപ്പിച്ചു.

നീണ്ട് മെലിഞ്ഞ രൂപത്തെ കാണിച്ച് കത്രീനാമ്മ് പറഞ്ഞു. “എന്റെ ഹസ് കറിയാച്ചൻ”

ഒരാളെകൂടി സംസാരിക്കാൻ കൂട്ടിനുകിട്ടിയെന്ന സന്തോഷത്തോടെ സ്വാമി

സാഗതപ്രസംഗം ആരംഭിച്ചു,

“സുപ്രഭാതം മി.കറിയാച്ചൻ , ഇറങ്ങി വാങ്കോ.. നൈസ് ടു മീറ്റ് യു..

കറിയാച്ചൻ ഇറങ്ങി വന്നില്ല. അയാൾ അയാളുടെ നരച്ച മീശക്ക് താഴെ ഒരു നരച്ച ചിരി പാസ്സാക്കിയിട്ട് കത്രീനാമ്മയോട് പറഞ്ഞു. എടീ കടയിൽ പോയിട്ടു വാ...

ഒരു കുഞ്ഞിൻെറ മുഖത്ത് ഭീതി നിഴലിക്കുന്നത്പോലെ കത്രീനാമ്മയുടെ മുഖത്തും ഭീതി പരക്കുന്നത് സ്വാമി കണ്ടു. എളുപ്പമാവട്ടെ എന്ന് ക്രൂരമായി പറഞ്ഞ്കൊണ്ട് സ്വാമിയെ ശ്രദ്ധിക്കാതെ അയാൾ വീട്ടിനുള്ളിലേക്ക് കയറിപ്പോയി. സ്വാമിയോട് വിടവാങ്ങി കത്രീനാമ്മയും വീടിനുള്ളിലേക്ക് നടന്നു. കത്രീനാമ്മ നടന്നു നീങ്ങുന്നത് സ്വാമി സുസൂക്ഷ്മം വീക്ഷിച്ചു.

അഞ്ചര അടി ഉയരം. ചുരുണ്ട കാർകൂന്തൽ. ഗോതമ്പിൻെറ നിറം. അൽപ്പം ഇറുകിയ നൈറ്റി ഉടയാത്ത താരുണ്യത്തിൻെറ ലക്ഷണങ്ങൾ പ്രതിബിംബിപ്പിക്കുന്നു. മുട്ടോളമെത്തുന്ന നീണ്ട കൈകൾ . ഒരു കൈ നിറയെ സ്വർണ്ണവളകൾ. വീടിനുള്ളിലേക്ക് കയറുമ്പോൾ കത്രീനാമ്മ ഒന്ന് തിരിഞ്ഞ് നോക്കി. ഏതോ നിർവ്രുതി സമ്മാനിച്ച ഒരു സംത്രുപ്തി അപ്പോൾ ആ മുഖത്ത് തിളങ്ങി. ആശ്വാസത്തിൻെറ സുഖശീതളമായ ഛായയിൽ അവരുടെ കുറുനിരകൾ കുണുങ്ങി നിന്നു.

സ്വാമി ഒരു മൂളിപ്പാട്ടും പാടി വീടിനുള്ളിലേക്ക് കയറിചെല്ലുമ്പോൾ സ്വർണ്ണാംബാൾ പരിപ്പുവട ഉണ്ടാക്കുകയായിരുന്നു. ചൂടുള്ള പരിപ്പുവട ഊതി തിന്ന് എണ്ണ പുരണ്ട കൈ സ്വർണ്ണാംബാളിൻെറ ചേലാഗ്രത്തിൽ തുടച്ച് അവിടെ തന്നെ ശങ്കിച്ചു നിന്നു. വീണ്ടും ചൂടുള്ള പരിപ്പ് വട കയ്യിലെടുത്ത് അവിടെ തന്നെയിട്ട് കൈ ഊതി തണുപ്പിച്ചു,

സൂടാറിട്ട് ശാപ്പിടാം-ല? എതുക്ക് കൈ സുട്ടുകീറിയിങ്കേ?

അതുകേൾക്കാത്ത മട്ടിൽ കൈവിരൽഞൊടിച്ച് ഓരോ രാഗങ്ങൾ മൂളി മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. എന്നിട്ട് ആരോടെന്നില്ലാതെ പറഞ്ഞു.

“അവൾ മികവും അഴകാന പെണ്ണ്.

“യാര്”

“നമ്മുടെ നെയ്ബർ മലയാളികളാണ്. ഏതോ ക്രൂസ്ത്യൻ ഫാമിലി. മൂന്നു കുഴന്തൈകൾ, എല്ലാം ടീനേജ്. ആ സ്ത്രീ വളരെ ബ്യൂട്ടിഫുൾ. പക്ഷെ കണവൻ മുശ്ശടൻ. ഷേയ്ക്സ്ഫിയർ നാടകത്തിലെ ക്യാരക്ടർ മാതിരി. “ലീൻ ഏൻറ് ഹങ്കറി ലൂക്കിംഗ്” എന്നാലും അവൻ ലക്കി ഗൈ..

അതിനുശേഷം കത്രീനാമ്മ സ്വാമി കുടുംബത്തെ അനവധി തവണ സന്ദർശിച്ചു. സ്വാമിയോട് സംസാരിച്ചില്ലെങ്കിൽ എന്തോ മറന്ന മാതിരി എന്ന് അഭിപ്രായപ്പെട്ടു.

“അവൾ അഴകാന പെണ്ണുതാൻ” എന്ന് സ്വർണ്ണാംമ്പാളും സമ്മതിച്ചതാണു. ആ കത്രീനാമ്മയെയാണു സ്വാമി സ്വപ്നം കാണുന്നത്. സാധാരണ സ്വപ്നമല്ലത്രെ. സ്വർണ്ണാംമ്പാൾ ഉത്കണ്ഠയോടെ ചോദിച്ചപ്പോൾ സ്വാമി വിവരിച്ചു.

“ഞാൻ മെത്തയിൽ ചാഞ്ച് പടുക്കകൊണ്ടിരിക്ക്രേൻ. പതിനെട്ടര മുഴം കാഞ്ചിപുരം ചേല ചുറ്റി, മുടിയിൽ മല്ലികൈ പൂ ചൂടി കൈ നിറയെ വളകളും കഴുത്തിൽ നിറയെ സ്വർണ്ണമാലകളും അണിഞ്ഞ് ഒരു കള്ള നാണത്തോടെ കത്രീനാമ്മ മുറിയിൽ കടന്നു വരുന്നു. വാതിലടച്ച് തഴുതിടാൻ അവൾ കൈകൾ ഉയർത്തുമ്പോൾ വളകൾ കിലുങ്ങുന്നു. ആ ശബ്ദം കേട്ട് ഞാൻ ഉണരുന്നു. എന്നെ ഉണർത്തുന്നത് നിൻെറ വളകളുടെ കിലുക്കമോ അതോ സ്വപ്നത്തിൽ വരുന്ന കത്രീനാമ്മയുടെ വളകളുടെ കിലുക്കമോ എന്നറിയാനാണു നിന്നോട് വളയൂരാൻ പറഞ്ഞത്.

സ്വർണ്ണാംമ്പാളിൻെറ മുഖത്ത് വിഷാദം പടർന്നു. അവൾ നിശ്ശബ്ദയായി താടിക്ക് കൈ കൊടുത്ത് ആത്മ്ഗതം ചെയ്തു. സ്വപ്നത്തിലാണെങ്കിലും എന്തിനാണു കത്രീനാമ്മ പതിനെട്ടര മുഴം ചേലചുറ്റിയത്? എന്തിനാണ് അവൾക്ക് നാണം വന്നത്. ഒരു പക്ഷെ സ്വാമിയുടെ വാരിയെല്ലുകൊണ്ടാണോ ദൈവം അവളെ സ്രുഷ്ടിച്ചത്? സ്വർണ്ണാംമ്പാൾ നിശ്ശബ്ദയായിരുന്നപ്പോൾ സ്വാമിക്ക് വെപ്രാളമായി. സ്വാമി പറഞ്ഞു കത്രീനാമ്മ വളരെ നൈസ് സ്ത്രീ. അവർ എഡുക്കേറ്റഡും ആണു. ഈ വിവരം അവരോട് പറഞ്ഞ് നമുക്കൊക്കെ ചിരിക്കാം. ഒരു പക്ഷെ എന്തെങ്കിലും ദോഷം കൊണ്ടാണു ഈ സ്പ്ന ദർശമെങ്കിൽ അത് തീരുകയും ചെയ്യും.

സ്വർണ്ണാംമ്പാൾ ആദ്യം വിസ്സമ്മതിച്ചെങ്കിലും പിന്നെ സമ്മതം മൂളി. സ്വാമി വേലിക്കരികിലേക്ക് അയലത്തെ സുന്ദരിയെ തേടിചെന്നു. കത്രീനാമ്മ ദിവസത്തിൽ ഒരു നേരമെങ്കിലും പച്ചക്കറി തോട്ടത്തിൽ പണിയെടുക്കുക

പതിവായിരുന്നു. ചന്ദനത്തിൻേറയും കർപ്പൂരത്തിൻേറയും സുഗന്ധം പരത്തികൊണ്ട് സ്വാമി അടുത്ത് വന്നപ്പോൾ എന്തോ കത്രീനാമ്മ്ക്ക് നാണം വന്നു. സ്വാമി മനസ്സിൽ ആലോചിച്ചു. സ്പ്പനത്തിൽ കണ്ട അതേഭാവം.

എന്തുണ്ട് സ്വാമി വിശേഷങ്ങൾ? കത്രീനാമ്മ ചോദിച്ചു. സ്വാമി നാലുപാടും നോക്കി. വാസന അടക്ക നല്ലപോലെ ചവച്ച് കൊണ്ട് താൻ കണ്ട സ്വപ്നത്തെക്കുറിച്ച് വിശദീകരിച്ചു. അത്കേട്ട് മല്ലീശ്വരൻെറ അമ്പ്കൊണ്ട പോലെ കത്രീനാമ്മ നിന്നു, ഒരു പതിനേഴ്കാരിയെപ്പോലെ അവർ നിലത്ത് കളം വരച്ചു. ഏറ്റുമാനൂരമ്പലത്തിൽ എഴുന്നള്ളത്ത് മുന്നിൽ കാത്ത് നിന്ന പൂവ്വമ്പൻെറ പള്ളിനായാട്ട്.... ചുറ്റും കിളികൾ ചിലച്ചു, അല്ല പാടി.. പൂക്കൾ അവരുടെ വാസന കാറ്റിനു കൈമാറി. സൂര്യൻ ഒന്ന് കണ്ണു ചിമ്മി. ഇവിടെ ഒരു പെണ്ണിൻെറ മനസ്സിൽ ലഡു പൊട്ടുന്നു.

കത്രീനാമ്മ എന്തു ചിന്തിക്കുന്നു എന്ന് ചിന്തിക്കാതെ അതൊന്നും മനസ്സിലാക്കാതെ സ്വാമി വാസന അടക്ക ചവച്ച്കൊണ്ടിരുന്നു. എന്തോ ഓർത്തിട്ടെന്നപോലെ ? സ്വാമി ചോദിച്ചു.ജീവിതം തന്നെ ഒരു മായയാകുമ്പോൾ സ്വപനങ്ങളും വിചിത്രങ്ങളാകുന്നു. കത്രീനാമ്മക്ക് അത്ഭുതം തോന്നുന്നില്ലേ

പക്ഷെ കത്രീനാമ്മ എന്ന് സ്ത്രീയിലെ വികാരത്തിനു ചൂട് പിടിക്കയായിരുന്നു. മക്കളെ പ്രസവിക്കാനും, ഡോളറുണ്ടാക്കാനും അടുക്കളപ്പണിക്കും വേണ്ടി തന്നെ ഉപയോഗിക്കുന്ന ഭർത്താവിൻെറ പരുപരുക്കൻ സമീപനത്തിൽ കെട്ടുപോയ, ആറിത്തണുത്ത അവരുടെ താരുണ്യം, അതിൻെറ ലഹരി, സ്വാമിയുടെ നിഷ്ക്കളങ്കമായ ആകർഷണീയമായ പുരുഷത്വത്തിൻെറ ഊഷമാവിൽ വീണ്ടും ആളിപടരാൻ തുടങ്ങി. ഒരു ദുർബ്ബല നിമിഷം അവിടെ ഉരുണ്ട് കൂടി. സ്ത്രീയുടെ ചാരിത്ര്യശുദ്ധിക്ക് ഉത്തരവാദി പുരുഷനാണു് അല്ലാതെ സ്ത്രീയല്ല. അവൾ അത് കാത്ത് സൂക്ഷിക്കുന്നത് പുരുഷൻ അവളെ അയാളുടെ സ്വന്തമായി കാണുമ്പോഴാണു്. ഇവിടെ കത്രീനാമ്മ അവരുടെ ഭർത്താവിൻെറ ഒരു ഉപകരണം മാത്രമാണു്. ഒരു ഉപകരണം അതിനു പ്രവർത്തിക്കാനുള്ള ഊർജ്ജം അതിനിഷ്ടമുള്ളേടത്ത് നിന്ന് സംഭരിക്കുന്നതിൽ എന്തു തെറ്റെന്ന് കത്രീനാമ്മ ആലോചിച്ചു. വിലക്കപ്പെട്ട കനി തിന്നാൻ കൊതിച്ച ഹവ്വയെപ്പോലെ കത്രീനാമ്മ സ്വന്തം വീട്ടിലേക്ക് ഒന്ന് ഒളിഞ്ഞ് നോക്കി ഒട്ടും ലജ്ജയില്ലാതെ എന്നാൽ ഒത്തിരി ഒത്തിരി മോഹത്തോടെ പറഞ്ഞു..

“സ്വാമിക്കു അങ്ങനെ കാണാൻ ആശയാണെങ്കിൽ എനിക്കങ്ങനെ വരാൻ സമ്മതമാണു്.

ഓർക്കാപ്പുറത്ത് കേട്ട കത്രീനാമ്മയുടെ മറുപടി സ്വാമിയെ പരിഭ്രമിപ്പിച്ചു. അദ്ദേഹം തിരിഞ്ഞ് നോക്കിയപ്പോൾ കറപ്പിച്ചെഴുതിയ മിഴികളുമായി സ്വർണ്ണാംബാൾ ജനലിലൂടെ തറപ്പിച്ച് നോക്കുന്നു.

മറുപടി ഒന്നും പറയാനാവാതെ സ്വാമി വീട്ടിനുള്ളിലേക്ക് കയറിപോകുന്നത് കത്രീനാമ്മ നോക്കി നിന്നു. കോഴിക്കോടൻ അലുവ നുണയുന്ന പോലെ, ചുണ്ടിൽ നിറയെ സ്വാമിക്കു വേണ്ടി കരുതിയ ചുംബനങ്ങൾ ഒലിപ്പിച്ച്കൊണ്ട്... പരിസരം അത് കണ്ട് തരിച്ച് നിന്നു. ഭൂമിയിലെ മനുഷ്യൻെറ ജീവിതം എത്ര വിചിത്രമെന്ന് അന്നേരം നടക്കാനിറങ്ങിയ ദൈവം ആലോചിച്ച് കാണും.

ശുഭം